"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്- 2024-2025 സാമ്പത്തിക വർഷത്തിൽ വനിത ശിശുവികസന ഡയറക്ടറേറ്റിന്റെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുക പുനഃക്രമീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.15/2025/WCDD തീയതി,തിരുവനന്തപുരം, 10-01-2025

---

**വനിത ശിശുവികസന (എ) വകുപ്പ്**

പരാമർശം:-

1. 17.07.2024-ലെ സ.ഉ (പി) നം.57/2024/ധന നമ്പർ സർക്കാർ ഉത്തരവ്
2. 31.08.2024-ലെ സ.ഉ (അച്ചടി) നം.76/2024/ധന നമ്പർ സർക്കാർ ഉത്തരവ്
3. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04.12.2024-ൽ ചേർന്ന 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി പുനഃക്രമീകരണം സംബന്ധിച്ച യോഗത്തിന്റെ യോഗ നടപടിക്കുറിപ്പ്.
4. വനിത ശിശുവികസന ഡയറക്ടറുടെ 30.11.2024, 07.01.2025 തീയതികളിലെ DWCD/6585/2024-PC1 നമ്പർ കത്തുകൾ.

**ഉത്തരവ്**

2024-2025 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തെ വിവിധ പദ്ധതി /പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് പരാമർശം (1,2) ഉത്തരവുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ലെ 30.11.2024 ലെ കത്ത് പ്രകാരം ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുനഃക്രമീകരണം സംബന്ധിച്ച പ്രൊപ്പോസൽ വനിത ശിശു വികസന ഡയറക്ടർ ലഭ്യമാക്കുകയും, 04.12.2024-ൽ ചീഫ് സെക്രട്ടറിതലത്തിൽ നടന്ന യോഗത്തിൽ പ്രസ്തുത ശിപാർശ പരിഗണിക്കുകയും പരാമർശം (3) പ്രകാരം ഡയറക്ടറേറ്റിന്റെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുകയായ 19,303 ലക്ഷം രൂപയുടെ 59.96% ആയ 11,576 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ പരാമർശം (4) ലെ 07.01.2025 തീയതിയിലെ കത്ത് പ്രകാരം വനിത ശിശു വികസന ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 2024-2025 സാമ്പത്തിക വർഷത്തിൽ വനിത ശിശുവികസന ഡയറക്ടറേറ്റിന്റെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക പുനഃക്രമീകരിച്ചുകൊണ്ട് ചുവടെചേർക്കുവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പദ്ധതി | ശീർഷകം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | ആകെ പുന : ക്രമീകരിച്ച തുക | പുന: ക്രമീകരിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|
| 1 | നിർഭയ പദ്ധതികൾ | 2235-02-103-68 (1) | 1000 | 902.19 | 90.22 |
| 2 | ജെൻഡർ അഡ്വൈസറി ബോർഡ് | 2235-02-103-68 (2) | 92 | 56.13 | 61.01 |
| 3 | വനിതാ ശാക്തീകരണ പരിപാടികളും വനിതാ ക്ഷേമ സ്ഥാപനങ്ങളും | 2235-02-103-68 (3) | 1000 | 859.93 | 85.99 |
| 4 | വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള ഓഫീസുകൾ,സ്ഥാപനങ്ങൾ എന്നിവയുടെ നവീകരണം | 2235-02-001-89 | 450 | 325.12 | 72.25 |
| 5 | നിലവിലുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം | 4235-02-103-96 | 100 | 37.04 | 37.04 |
| 6 | വനിത ശിശുവികസന ഓഫീസുകളുടെയും ക്ഷേമ സ്ഥാപനങ്ങളുടെയും നവീകരണം | 4235-02-103-97 | 150 | 94.97 | 63.31 |
| 7 | ഡിപ്പാർട്ട്മെന്റൽ ഓഫീസർമാർക്കുള്ള ഇൻസർവ്വീസ് ട്രെയിനിംഗ് | 2235-02-001-88 | 50 | 24.25 | 48.50 |
| 8 | അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളാക്കി വികസിപ്പിക്കൽ–ഒരു ജീവിത ചക്ര സമീപനം | 2235-02-102-56 | 950 | 689.43 | 72.57 |
| 9 | കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്ര സേവനം | 2235-02-102-62 (1) | 5100 | 2668.31 | 52.32 |
| 10 | വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ ദേശീയ ദിനങ്ങൾ, വാരാഘോഷങ്ങൾ ഉൾപ്പെടെയുള്ള പ്രചരണവും ഡോക്യുമെന്റേഷനും | 2235-02-103-59 | 60 | 16.34 | 27.23 |

| | | | | | |
|---|---|---|---|---|---|
| 11 | തദ്ദേശ സ്വയംഭരണ വകുപ്പ് വഴി മാതൃക അങ്കണവാടികളുടെ നിർമ്മാണം | 4235-02-102-87 | 1000 | 592.36 | 59.24 |
| 12 | നിർഭയ ഹോമുകളുടെ നിർമ്മാണം | 4235-02-103-99 | 150 | 0.00 | 0.00 |
| 13 | നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ ആയിരം ദിന പരിപാടി | 2235-02-102-50 | 350 | 266.83 | 76.24 |
| 14 | കുടിയേറ്റ തൊഴിലാളികളുടെ കുട്ടികൾക്കായി മൊബൈൽ ക്രഷും ഡേകെയർ സെന്ററുകളും | 2235-02-102-42 | 1 | 3.69 | 369.00 |
| 15 | പ്രീസ്കൂൾ വിദ്യാഭ്യാസത്തിൽ AWWS സംയോജിത ഗ്രാമീണ സാങ്കേതിക കേന്ദ്ര പരിശീലന പദ്ധതി | 2235-02-102-41 (P) | 128 | 64.00 | 50.00 |
| 16 | വിവിധ ശിശു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ജുവനൈൽ ജസ്റ്റിസ് ഫണ്ട് (ബാലനിധി) | 2235-02-106-91 | 20 | 13.00 | 65.00 |
| 17 | അക്രമങ്ങളിൽ നിന്ന് രക്ഷപ്പെട്ടവർക്കുള്ള ആശ്വാസനിധി | 2235-02-103-57 | 300 | 150.00 | 50.00 |
| 18 | ഒ.ആർ.സി ഉൾപ്പെടെയുള്ള നൂതന സംസ്ഥാന പദ്ധതികൾ | 2235-02-102-36 (1) | 400 | 268.11 | 67.03 |
| 19 | കാവൽ,കരുതൽ,ശരണബാല്യം ,ഭദ്രം,മാർഗ്ഗജ്യോതി | 2235-02-102-36 (2) | 900 | 740.69 | 82.30 |
| 20 | മാതൃകാ അങ്കണവാടികളുടെ നിർമ്മാണം | 4235-02-102-96 | 200 | 92.14 | 46.07 |
| 21 | വെള്ളപ്പൊക്കത്തിൽ നാശം സംഭവിച്ച അങ്കണവാടി കേന്ദ്രങ്ങളുടെ പുതുക്കൽ | 4235-02-102-86 | 20 | 23.28 | 116.40 |
| 22 | പിണറായി ഗ്രാമ പഞ്ചായത്തിൽ അപെക്സ് ട്രെയിനിംഗ് സെന്ററും ബാലഭവനും സ്ഥാപിക്കൽ | 2235-02-102-27 | 100 | 52.57 | 52.57 |
| 23 | എന്റെ കൂട് - അഗതികൾക്കുള്ള രക്ഷാകേന്ദ്രം | 2235-02-101-75 | 60 | 43.00 | 71.67 |

| | | | | | |
|---|---|---|---|---|---|
| 24 | സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലനം | 2235-02-103-51 | 1 | 0.00 | 0.00 |
| 25 | അങ്കണവാടി കുട്ടികളുടെ ആഹാരത്തിൽ മുട്ടയും പാലും ഉൾപ്പെടുത്തുന്ന പദ്ധതി | 2235-02-102-22 | 6150 | 3287.55 | 53.46 |
| 26 | കോവിഡ്-19 മഹാമാരി മൂലം അനാഥരായ കുട്ടികൾക്ക് ധനസഹായം | 2235-02-102-21 | 100 | 48.20 | 48.20 |
| 27 | വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളുടെ മാനേജ്മെന്റിന് സർക്കാർ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം | 2235-02-103-58 | 50 | 0.00 | 0.00 |
| 28 | ഇടുക്കി ജില്ലയിലെ ചിൽഡ്രൻസ് ഹോമിന്റെ നിർമ്മാണം | 4235-02-102-84 | 1 | 0.00 | 0.00 |
| 29 | പ്രസവാനുകൂല്യ നിയമം അനുസരിച്ച് ജോലി സ്ഥലത്ത് ക്രഷുകൾ | 2235-02-102-11 | 220 | 56.62 | 25.74 |
| 30 | ICDS ന് അധിക ധനസഹായം | 2235-02-102-18-05 | 200 | 200.00 | 100.00 |
| | **Total** | | **19,303.00** | **11,575.75** | **59.9687** |

ഇതിന്റെ അടിസ്ഥാനത്തിൽ വനിത ശിശുവികസന വകുപ്പ് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ചതും വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ഉപരിയായി ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും അതത് വകുപ്പുകൾ ഭേദഗതികൾ വരുത്തി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ ടി.കെ.

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വനിത ശിശു വികസന (ബി, സി, പി.എസ്.) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.